# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

30.01.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1189

## കരമന-കളിയിക്കാവിള നാലുവരിപ്പാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉബൈദുള്ള<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, കെ.എം. ഷാജി<br>,, അബ്ദുൽ ഹമീദ് പി. | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കരമന-കളിയിക്കാവിള പാത നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) കരമന-കളിയിക്കാവിള പാത നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതി - ഒന്നാം ഘട്ടം ഒന്നാം റീച്ച് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള റോഡ് നിർമ്മാണം 2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തികവർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ സ്ഥലമേറ്റെടുക്കൽ പൂർത്തിയായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ. ദൂരത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള വിശദമായ പദ്ധതി രൂപരേഖ സാങ്കേതികാനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.<br><br>ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ഭാഗത്തെ സ്ഥലമേറ്റെടുക്കുന്നതിനു വേണ്ടി സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് സ്റ്റഡി നടത്തുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഈ 1.5 കി. മീറ്ററിലെ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ 98.10 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കരമന - കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിലെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ കരട് അലൈൻമെന്റ് പ്ലാൻ പൊതുമരാമത്ത് പി.പി.യു. വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഈ അലൈൻമെന്റിനെ സംബന്ധിച്ച അഭിപ്രായ ങ്ങളുടേയും, നിർദ്ദേശങ്ങളുടേയും അടിസ്ഥാന ത്തിൽ പ്രസ്തുത അലൈൻമെന്റിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് പി.പി.യു. വിഭാഗത്തിൽ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ. ഭാഗത്തിന്റെ ടെണ്ടർ നടപടികൾ 2018 ഫെബ്രുവരി മാസം ആദ്യവാരത്തോടെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തികരിച്ചുകഴിഞ്ഞാൽ ഒരു വർഷം കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാ നാവുമെന്നും പ്രതീക്ഷിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ഭാഗം റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി കൈമാറുന്ന മുറയ്ക്ക് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയാലേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ